## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 54 — 9/02/2016-ൽ മറുപടിക്ക്

## ഊർജ്ജ ഉല്പാദനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. രാധാകൃഷ്ണൻ<br>,, എ.പ്രദീപ്കുമാർ<br>,, സി.കെ. സദാശിവൻ<br>ശ്രീമതി. കെ.കെ. ലതിക. | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലയളവിൽ ലക്ഷ്യമിട്ട ഊർജ്ജ ഉല്പാദനം കൈവരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) ഇല്ല. |
| (ബി) ഈ കാലയളവിൽ ലക്ഷ്യമിട്ട ഊർജ്ജ ഉല്പാദനം എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ; ഇതിൽ ലക്ഷ്യം നേടാൻ സാധിച്ചിട്ടില്ലാത്തത് എത്ര മെഗാവാട്ട് ആണ് എന്ന് വ്യക്തമാക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് നിർമ്മാണം നടന്നു വന്നിരുന്ന 9 ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കുക വഴി 136.75 മെഗാവാട്ടും പിന്നീട് നിർമ്മാണം ആരംഭിച്ച 6 പദ്ധതികൾ വഴി 63.6 മെഗാവാട്ടും പുനരുദ്ധാരണ നവീകരണ പദ്ധതികൾ വഴി 9 മെഗാവാട്ടും ചേർന്ന് ആകെ 209.35 മെഗാവാട്ട് ആണ് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 166.60 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധനവ് കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. |
| (സി) സംസ്ഥാനത്തിനും ഉപഭോക്താവിനും സാമ്പത്തികഭാരം ഏല്പിക്കാത്തതരത്തിൽ ഊർജ്ജ ഉല്പാദന ലക്ഷ്യം കൈവരിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനുള്ള കാലതാമസം, വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്നതിനുള്ള താമസം, പൊതുജനങ്ങളുടെ എതിർപ്പ്, പദ്ധതി നടപ്പിലാക്കുമ്പോൾ |

.....2)

നേരിടുന്ന വിവിധ സാങ്കേതിക ബുദ്ധിമുട്ടുകൾ, ആഭ്യന്തര പ്രകൃതി വാതകത്തിന്റെ ലഭ്യത ക്കുറവ് എന്നിവയാണ് ഊർജ്ജ ഉൽപാദന മേഖലയിൽ പ്രതീക്ഷിച്ച ലക്ഷ്യം പൂർണ്ണമായും കൈവരിക്കാൻ കഴിയാതിരുന്നതിനുള്ള കാര ണങ്ങൾ. കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദി പ്പിക്കുന്നതിനായി ലക്ഷ്യമിട്ട പദ്ധതികളിൽ നിന്നൊന്നും തന്നെ ഉത്പാദനം സാദ്ധ്യ മായിട്ടില്ല. പദ്ധതികൾ തുടങ്ങുന്നതിന് മുന്നോടി യായുള്ള നടപടിക്രമങ്ങൾ പൂർത്തീകരി ച്ചുകൊണ്ടിരിക്കുകയാണ്.

**സെക്ഷൻ ഓഫീസർ**